5/18/2018 636149113818860000_001.jpg (1700×2340)

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10
ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 16.11.2016

വിഷയം: സംസ്ഥാനത്തിന് പുറമെനിന്നും ഓപ്പൺഅക്സസ്സ് വഴി വൈദ്യുതി വാങ്ങുന്നവർ അടയ്ക്കേണ്ട ക്രോസ്സ് സബ്സിഡി സർചാർജ്ജ്, അഡീഷണൽ സർചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതിനായി കെ.എസ്സ്.ഇ.ബി.ലിമിറ്റഡ് സമർപ്പിച്ച അപേക്ഷയിൽ വാദം കേൾക്കുന്നത് സംബന്ധിച്ച്

സംസ്ഥാനത്തിന് പുറത്തുനിന്നും ഓപ്പൺ അക്സസ്സ് പ്രകാരം വൈദ്യുതി വാങ്ങുന്ന സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉപഭോക്താക്കൾ വൈദ്യുതി ബോർഡിന് നൽകേണ്ട ക്രോസ്സ് സബ്സിഡി സർചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനും അഡീഷണൽ സർചാർജ്ജ് ഏർപ്പെടുത്തുന്നതിനുമായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റേയും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റേയും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (www.erckerala.org; www.kseb.in). ഇതിന്മേലുള്ള ഉപഭോക്താക്കളുടെയും മറ്റ് തല്പരകക്ഷികളുടെയും അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10 എന്ന വിലാസത്തിൽ 08.12.2016 വരെ സ്വീകരിക്കുന്നതാണ്. കൂടാതെ കമ്മീഷൻ പ്രസ്തുത പെറ്റീഷൻ ഒ.പി.13/16 ആയി ഫയലിൽ സ്വീകരിച്ച് 08.12.2016ന് 11:00 മണിയ്ക്ക് കമ്മീഷന്റെ വെള്ളയമ്പലത്തുള്ള ഓഫീസിൽ വച്ച് വാദം കേൾക്കുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും താൽപര്യമുള്ള മറ്റുള്ളവർക്കും ഇതിന്മേൽ നേരിട്ടോ അധികാരപ്പെടുത്തിയ പ്രതിനിധിമുഖേനയോ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്.

സെക്രട്ടറി

F:\DY DIRECTOR SMT SAVITHA\NOV 2016\1373 - OP 13-16 - CROSS SUBSIDY - PRESS RELEASE MAL dt 16.11.2016.docx

http://erckerala.org/userFiles/636149113818860000_001.jpg 1/1